## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5343 | 23.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|
| **2016-ലെ കേന്ദ്ര പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ** | |
| **ചോദ്യം** | **മറുപടി** |
| ശ്രീ.കെ.കുഞ്ഞിരാമൻ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 2016-ലെ കേന്ദ്ര പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) | കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം ചുവടെ പറയുന്ന തുടർനടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചിട്ടുണ്ട്.<br>1. വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂവെന്നും വില്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം എന്നും ഉള്ള നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറായി പുറപ്പെടുവിച്ചിട്ടുണ്ട്.<br>2. എക്സ്റ്റന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (ERP) യിൽ അധിഷ്ഠിതമായി സംസ്ഥാനത്ത് പുനഃചംക്രമണ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ബ്രാൻഡ് ഉടമകൾ, നിർമാതാക്കൾ, ഉത്പാദകർ, നിക്ഷേപകർ എന്നിവരെ പ്രോത്സാഹിപ്പിക്കുന്നതിനായി 13.01.2017-ൽ കൊച്ചിയിൽ വച്ച് നിക്ഷേപകസംഗമം നടത്തുകയുണ്ടായി. തുടർ നടപടികളും സ്വീകരിച്ചുവരുന്നു.<br>3. ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുറപ്പെടുവിക്കേണ്ട ബൈലോയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്.<br>4. പ്ലാസ്റ്റിക്കിന്റെ തരംതിരിച്ചുള്ള സംഭരണം, ശേഖരണം, പുനഃചംക്രമണത്തിന് കൈമാറ്റം, പുനഃചംക്രമണ വ്യവസായം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കുന്നതിനും വേണ്ട പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ 2017-18 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>5. റീസൈക്ലിംഗ് സാധ്യമല്ലാത്ത പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് പണി ഉറപ്പാക്കുന്നതിനുള്ള സർക്കാർ ഉത്തരവുകൾ |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുണ്ട്.<br>6. തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി വേണ്ട യന്ത്രങ്ങൾ വിതരണം ചെയ്യുന്നതിനും ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ശേഖരിച്ച് റോഡുപണിക്കായി കൈമാറുന്നതിനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.<br>7. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ നടപ്പിലാക്കുന്നതിനും പ്രവർത്തനങ്ങളുടെ മോണിട്ടറിങ്ങിനുമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചു.<br>8. സുരക്ഷിതമായ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനാവശ്യമായ അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുന്നതിനാവശ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | കാസർഗോഡ് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ ഇതു സംബന്ധിച്ച ബൈലോകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) | കാസർഗോഡ് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ ഇതു സംബന്ധിച്ച ബൈലോകൾ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. |
| (സി) | ആയതിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ